## ശൈല പ്രഭാഷണം – തുടർച്ച

## ഭാഗം 4

## അദ്വൈത സിദ്ധാന്തങ്ങൾ

**എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്**

ശ്രീയേശുവിൻ ദിവ്യ ഗീതികളിൽ ജനം
ശ്രദ്ധേയരായി നിന്നാശ്രവിക്കെ
    ദൈവിക മർമ്മങ്ങളാരൂഢമാർന്നൊരാ
    ദിവ്യസിദ്ധാന്തങ്ങളോതി വീണ്ടും.

''പാരദാരികവും, അന്യസ്ത്രീ മോഹവും
ദാരുണമായുള്ള പാപമത്രേ.
    നിൻ വലങ്കണ്ണൊരു ശല്യമായ്ത്തീർന്നെന്നാൽ
    പോവണമായതു ചൂഴ്ന്നിടേണം
നിൻഗാത്രം സാകല്യം നാശമടയാതെ
നിൻനേത്രമൊന്നു നീ നീക്കം ചെയ്ക,
    നിൻവലംകൈമൂലം ദോഷം വന്നെത്തിയാൽ
    ആ വലംപാണി നീ ഛേദിക്കുക,
നിൻ ഗാത്രം സമ്പൂർണ്ണം നാശത്തിൽ വീഴാതെ
നിൻ കരമൊന്നു കളയുക നീ,
    ചാരിത്ര്യമുള്ള നിൻ കാന്തയെ തള്ളൊലാ
    തള്ളിയ സ്ത്രീയെ വരിച്ചീടൊലാ,
അസ്സത്യമാം വഴി ചൊല്ലല്ലൊരിക്കലും
ആശാസ്യമല്ലതു ദോഷം ചെയ്യും,
    ഈശനെ ചൊല്ലി നീ സത്യം ചെയ്തെന്നാകിൽ
    നാശം വന്നെത്തിടും പാപമത്,
ഈശന്റെ നാമത്തിൽസത്യം ചെയ്തെങ്കിലോ
ഓശ കൂടാതതു നിർവ്വഹിക്ക,
    നിന്നുടെ വക്ത്രത്തിൽ നിന്നുണ്ടാം വാക്കുകൾ
    ഉന്നതമാനം പുലർത്തിടട്ടേ.
ദുഷ്ടനെ മല്ലിടാനൊട്ടും തുനിയൊല്ല
കഷ്ടത തന്മൂലം വന്നണയും,
    ഉത്തരശ്രോത്രമതിന്നടിയേറ്റെന്നാൽ
    മറ്റതും തൽക്ഷണം കാട്ടുക നീ,
നിൻ വസ്ത്രം മോഹിച്ചൊരുവൻ വന്നെത്തിയാൽ
നിൻ പുതപ്പും കൂടി നീ കൊടുക്ക,

നിൻ സഹയാത്ര വാഞ്ഛിച്ചൊരു സ്നേഹിതൻ
നിൻ സവിധേയെത്തി യാചിച്ചാൽ, നീ,
നാഴികയൊന്നാണു പോകേൺടതെന്നാകിൽ
നാഴിക രൺടനുയാത്ര ചെയ്ക.
ആവശ്യം കൊൺടു കിതച്ചു വരുവോരെ
ആവുംവിധത്തിൽ തുണയ്ക്ക വേണം.
വായിപ്പ നൽകുവാനുള്ളയവസരം
പാഴായിപ്പോകുവാൻ വിട്ടുകൂടാ.
ശത്രുവെയെത്രയും സ്നേഹിച്ചവനെ നീ
മിത്രമായിട്ടുടൻ മാറ്റിടുക.
നിങ്ങൾക്കു നാശമാശിപ്പവർക്കും, മുദാ –
ഭംഗമെന്യേ നിങ്ങൾ പ്രാർത്ഥിക്കുക,
സ്നേഹസ്വരൂപനാം നിൻ താതനന്നേരം
സ്നേഹിക്കും നിന്നെയാശീർവദിക്കും,
നിൻ ദാനധർമ്മ, സൽക്കർമ്മങ്ങൾസർവ്വവും
ഔദാര്യമായ് ചെയ്ക, ഗോപ്യമായും,
പ്രാർത്ഥനയും നിന്റെ കീർത്തനാലാപവും
ജല്പനഗീതമായ് തീർന്നീടൊലാ.
സ്വർഗ്ഗസ്ഥ താതനോടുള്ള നിൻ പ്രാർത്ഥന
നിസർഗ്ഗസുന്ദരമായിടട്ടെ" !

(തുടരും)

....................................